# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 967** **06-06-2018-ൽ മറുപടിക്ക്**

## വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ സുരക്ഷയ്ക്ക് നടപടി

| ചോദ്യം<br>ശ്രീ.ടി.വി.ഇബ്രാഹിം | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) നിലമ്പൂരിലെ മാവോയിസ്റ്റ് വെടിവെപ്പിന് ശേഷം വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ സുരക്ഷയ്ക്കായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാന പോലീസ് മേധാവിയുടെ ചേമ്പറിൽ 20/11/2017 ന് വനം വകുപ്പുദ്യോഗസ്ഥരുമൊത്ത് യോഗം നടത്തുകയും പ്രസ്തുത യോഗത്തിൽ പോലീസ് സഹായം ആവശ്യമുള്ള സ്റ്റേഷനുകൾ, പോലീസുകാരുടെ എണ്ണം, ആവശ്യമായി വരുന്ന ആയുധങ്ങൾ എന്നിവയുടെ കണക്ക് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയെ അറിയിക്കേണ്ടതാണെന്നും, കൂടാതെ മാവോയിസ്റ്റ് ആക്രമണമുണ്ടായ പ്രദേശങ്ങളിലെ ജില്ലാ പോലീസ് മേധാവികൾ ഓരോ 4 മണിക്കൂറിലും പ്രസ്തുത സ്ഥലങ്ങളിലെ തൽസ്ഥിതി റിപ്പോർട്ട് ചെയ്യണമെന്നും, ഓരോ ജില്ലയിലേയും ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓരോ സ്റ്റേഷനിലെയും തൽസ്ഥിതി റിപ്പോർട്ട് ശേഖരിച്ച് ഏതെങ്കിലും തരത്തിലുള്ള മാവോ-യിസ്റ്റ് ഇടപെടലുണ്ടോയെന്ന് പരിശോധിക്കേണ്ടതിനും,<br>വയർലെസ് സംവിധാനം പോലീസ് വിഭാഗവുമായി ബന്ധപ്പെട്ടു-ത്തുന്നതിനും, മാവോയിസ്റ്റ് സാന്നി- |

ദ്ധ്യമുള്ള പ്രദേശങ്ങളിൽ പോലീസുമായി ചേർന്ന് പട്രോളിംഗ് നടത്തുന്നതിനും, മാവോയിസ്റ്റ് ഭീഷണി വരുന്ന സാഹചര്യത്തിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ സഹായം ഏതു വിധേനയും ആവശ്യപ്പെടാവുന്നതാണെന്നും യോഗത്തിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

വനസംരക്ഷണത്തിന്റേയും മാവോയിസ്റ്റ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കുമായി കേരളത്തിന്റെ വിവിധ വനഭാഗങ്ങളിലായി പുതിയ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുള്ളതും അതനുസരിച്ച് സ്റ്റേഷൻ നിർമ്മാണം അവസാന ഘട്ടത്തിലുമാണ്.

| | |
|---|---|
| (ബി) വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് പൊതു അവധി ദിവസങ്ങളിൽ ജോലി നോക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ഓഫ് നൽകി വരുന്നുണ്ട്. |
| (സി) മറയൂർ സാന്റൽ ഡിവിഷന്റെ കീഴിലുള്ള വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) മറയൂർ സാന്റൽ ഡിവിഷനിലെ വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നുണ്ട്. |

Sajeevin

സെക്ഷൻ ഓഫീസർ